# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1520 03.12.2018-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇപ്രകാരം പുനരധിവസിപ്പിക്കുന്ന ഓരോ കുടുംബത്തിനും എന്ത് തുകയാണ് അനുവദിക്കുന്നത്; | ബി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും മാറിതാമസിക്കാൻ തൽപരരുമായ കുടുംബങ്ങൾക്ക് 200 മീറ്ററിനു വെളിയിൽ 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിനും, വീട് നിർമ്മിക്കുന്നതിനുമായി 10 ലക്ഷം രൂപ വീതവും തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും 200 മീറ്ററിനു വെളിയിൽ സ്വന്തമായി സ്ഥലമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതവും ധനസഹായ മായി നൽകുന്നു. |
| സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കി; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ? | സി) പദ്ധതി പ്രകാരം 314 പേർ സ്ഥലം വാങ്ങുകയും ഇതിൽ 197 പേരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭവന നിർമ്മാണ ധനസഹായത്തിനുള്ള 1200 യൂണിറ്റുകളിൽ 613 പേർ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ഇതിൽ 542 പേരുടെ ഭവന നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇതു കൂടാതെ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 248 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുകയും ടി പദ്ധതിയിൽപ്പെട്ട 120 കുടുംബങ്ങൾ ഭൂമി വാങ്ങുകയും അതിൽ 78 കുടുംബങ്ങളുടെ ഭവന നിർമ്മാണം പുരോഗമിക്കുകയുമാണ്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

| ക്രമ നം. | സ്ഥലം വാങ്ങി വീടുവെയ്ക്കുന്നതിന് ധനസഹായം | | | |
|---|---|---|---|---|
| | ജില്ല | ടാർജറ്റ് | സ്ഥലം വാങ്ങിയവർ | ഭവനനിർമ്മാണം പുരോഗമിക്കുന്നത് |
| 1 | തിരുവനന്തപുരം | 320 | 94 | 44 |
| 2 | കൊല്ലം | 79 | 32 | 22 |
| 3 | ആലപ്പുഴ | 120 | 65 | 65 |
| 4 | എറണാകുളം | 40 | 33 | 27 |
| 5 | തൃശ്ശൂർ | 12 | 11 | 9 |
| 6 | മലപ്പുറം | 51 | 13 | 5 |
| 7 | കോഴിക്കോട് | 28 | 7 | 4 |
| 8 | കണ്ണൂർ | 50 | 38 | 16 |
| 9 | കാസർഗോഡ് | 50 | 21 | 5 |
| | ആകെ | 750 | 314 | 197 |

## ഭവനനിർമ്മാണ ധനസഹായം

| ക്രമ നം. | ജില്ല | ടാർജറ്റ് | എഗ്രിമെന്റിൽ ഏർപ്പെട്ടത് | ഭവന നിർമ്മാണം പുരോഗമിക്കുന്നത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 420 | 205 | 174 |
| 2 | കൊല്ലം | 178 | 141 | 134 |
| 3 | ആലപ്പുഴ | 47 | 29 | 26 |
| 4 | എറണാകുളം | 73 | 65 | 63 |
| 5 | തൃശ്ശൂർ | 11 | 8 | 7 |
| 6 | മലപ്പുറം | 69 | 49 | 41 |
| 7 | കോഴിക്കോട് | 106 | 55 | 22 |
| 8 | കണ്ണൂർ | 119 | 68 | 53 |
| 9 | കാസർഗോഡ് | 177 | 113 | 22 |
| | ആകെ | 1200 | 733 | 542 |

## കടലാക്രമണത്തിൽ ഭൂമിയും വീട്ടും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

| ക്രമ നം. | ജില്ല | ടാർജറ്റ് | സ്ഥലം വാങ്ങിയവർ | ഭവന നിർമ്മാണം പുരോഗമിക്കുന്നത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 185 | 113 | 72 |
| 2 | കൊല്ലം | 10 | 5 | 4 |
| 3 | ആലപ്പുഴ | 36 | - | - |
| 4 | തൃശ്ശൂർ | 2 | 2 | 2 |
| 5 | മലപ്പുറം | 10 | - | - |
| 6 | കോഴിക്കോട് | 3 | - | - |
| 7 | കാസർഗോഡ് | 2 | - | - |
| ആകെ | | 248 | 120 | 78 |

സെക്ഷൻ ആഫീസർ